**(43.) ളാഹ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം**

ഹാരിസൺ മലയാളം പ്ലാന്റേഷനിൽ ജോലിക്കായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയവർ ധാരാളം കത്തോലിക്കാ വിശ്വാസികൾ ഉണ്ടായിരുന്നു. അക്കാലത്ത് വിശുദ്ധ കുർബാന ചൊല്ലുവൻ വൈദികർ ആരംതന്നെ ഈ പ്രദേശത്ത് എത്താറില്ലായിരുന്നു. എസ്റ്റേറ്റ് വക യൂണിയൻ ചർച്ച് എല്ലാവിഭാഗം ക്രിസ്ത്യാനികൾക്കുമായി ഹാരിസൺ ഗ്രൂപ്പ് അനുവദിച്ചിരുന്നു. ഇവിടെ എല്ലാവരും ഒത്തുകൂടി പ്രാർത്ഥന നടത്തിയിരുന്നു. (ഇപ്പോൾ ഇവിടെ ഓർത്തഡോക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരാധന നടത്താറുണ്ട്.) വാഹനസൗകര്യം കുറവായിരുന്നതിനാൽ ഇവിടുത്തെ കത്തോലിക്കാവിശ്വാസികൾ വിശുദ്ധ കുർബാനയ്ക്കായി വിശേഷദിവസങ്ങളിൽ മാമ്പാറ പള്ളിയിൽ എത്തുമായിരുന്നു.

**പള്ളി സ്ഥാപനം**

ഇവിടെ ഒരു കത്തോലിക്കാ ദേവാലയം പണിയണമെന്ന ആഗ്രഹം വിശ്വാസികൾക്കിടയിൽ ഉണ്ടായി. ഇത് മനസ്സിലാക്കി ബഥനി മിശിഹാനുകരണ സന്യാസ സമൂഹം വിൻസന്റ് ഒ.ഐ.സി. അച്ചനെ മിഷൻ ആരംഭിക്കാൻ നിയോഗിച്ചു. 1980-ൽ കത്തോലിക്കാവിശ്വാസികളേയും താത്പര്യമുള്ള മറ്റുള്ളവരെയും ചേർത്ത് അച്ചൻ പ്രാർത്ഥന നടത്തുകയും ഭവന സന്ദർശനം (തൊഴിലാളി ലയങ്ങൾ) നടത്തുകയും ചെയ്തു. 1982-ൽ കോഴപ്ലാക്കൽ വീട്ടിൽ വച്ച് അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. ഇത് ഈ നാട്ടുകാർക്ക് ഒരു പുതിയ അനുഭവം ആയിരുന്നു. തുടർന്ന് ദേവാലയം പണിയുന്നതിനായി വസ്തുവാങ്ങി വൈകാതെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

പിന്നീട് പീറ്റർ ജോണച്ചൻ ഇവിടെ ചുമതലയേറ്റു. ഇവിടെ ഒരു ഷെഡ് കെട്ടി താമസിച്ച് പള്ളിപണിക്ക് നേതൃത്വം നല്കി. വളരെ പെട്ടന്നുതന്നെ പണിപൂർത്തിയാക്കി കൂദാശചെയ്തു ബലിയർപ്പിക്കാൻ തുടങ്ങി.

**ഇടവകയിൽ സേവനം ചെയ്ത വൈദികർ**

1. ഫാ. വിൻസന്റ് ഒ.ഐ.സി.
2. ഫാ. പീറ്റർ ജോൺ ഒ.ഐ.സി.
3. ഫാ. തോമസ് ഒ.ഐ.സി.
4. ഫാ. ഫീലിപ്പോസ് നടമല
5. ഫാ. ചെറിയാൻ മായിക്കൽ
6. ഫാ. തോമസ് പുതുപ്പറമ്പിൽ
7. ഫാ. ജോൺ സി. പുത്തൻവീട്
8. ഫാ. ജോർജ്ജ് പനംതുണ്ടിയിൽ
9. ഫാ. തോമസ് പെരുപ്പായിക്കാട്ട്
10. ഫാ. ഏബ്രഹാം മണ്ണിൽ
11. ഫാ. തോമസ് ഈട്ടിക്കാലായിൽ
12. ഫാ. ജോസി ചിറയത്ത്
13. ഫാ. ഗീവർഗീസ് പാലമൂട്ടിൽ തെക്കേതിൽ
14. ഫാ. ബെന്നി നാരകത്തിനാൽ

**കുരിശടി നിർമ്മാണം**

ഇടവകാംഗങ്ങളുടെ ദീർഘനാളത്തെ ആഗ്രഹമായിരുന്ന കുരിശ്ശടി 2016- സ് ജോസി ചിറയത്ത് അച്ചന്റെ നേതൃത്വത്തിൽ നിർമ്മിച്ചു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത കൂദാശചെയ്ത് നാടിന് സമർപ്പിച്ചു.

**ദൈവാലയ നവീകരണം**

ജോസി ചിറയത്ത് അച്ചന്റെ നേതൃത്വത്തിൽ 2016-ൽ ദേവാലയത്തിന്റെ പുനർനിർമ്മാണം നടത്തി. ളാഹ ഇടവകാംഗങ്ങളെ കൂടാതെ പെരുനാട് ഇടവകാംഗങ്ങളും ഇതിൽ പങ്കെടുത്തു.

**ഇടവകാംഗങ്ങൾ**

പള്ളി സ്ഥാപനസമയത്ത് 20 കുടുംബാംഗങ്ങൾ ഉണ്ടായിരുന്നു. കൂടാതെ ദൂരെനിന്നും വരുന്ന തോട്ടം തൊഴിലാളികളും ആരാധനയിൽ സജീവമായി പങ്കെടുക്കുമായിരുന്നു എന്നാൽ ജോലി സംബന്ധമായി ചില കുടുംബങ്ങൾ മറ്റുപള്ളികളിൽ അംഗത്തമെടുത്തുമാറി. ഇപ്പോൾ 11 കുടുംബങ്ങൾ ഉണ്ട്. അതിൽ ഒരു കുടുംബം വടശ്ശേരിക്കരയിലും ഒന്ന് തിരുവല്ലായിലും താമസിക്കുന്നു.

**വരുമാനമാർഗം**

ഇവിടുത്തെ ജനങ്ങൾ ശബരിമല സീസൺ കച്ചവടം ചെയ്തും തോട്ടം മേഖലയിൽ പണിയെടുത്തു മാണ് ജീവിക്കുന്നത്. നല്ല സാമ്പത്തിക ശേഷിയുള്ളവർ ആരും ഇല്ല. എന്നിരുന്നാലും ദൈവാലയത്തിന്റെ ദൈനം ദിന കാര്യങ്ങളിൽ എല്ലാവരും തങ്ങളുടെ കഴിവിന്റെ പരമാവധി സഹകരിക്കുന്നു.

**സണ്ടേസ്കൂൾ**

7 കുട്ടികൾ മാത്രമാണ് ഇവിടെയുള്ളത് ആയതിനാൽ ക്രമീകൃതമായ ക്ലാസ്സുകൾ നടക്കുന്നില്ല. കുട്ടി കളെ പൊതുവായി വിശ്വാസകരമായ കാര്യങ്ങൾ പഠിപ്പിക്കുന്നു. അതോടൊപ്പം പാഠപുസ്തകങ്ങൾ അവതരിപ്പി ക്കുന്നു. ജില്ലാ, രൂപത കാര്യാലയങ്ങളുടെ നിർദേശമനുസരിച്ച് പരീക്ഷയും മറ്റ് പ്രവർത്തനങ്ങളും കൃത്യമായി നടത്തുന്നുണ്ട്. ചില വർഷങ്ങളിൽ കുട്ടികളെ പെരുനാട് പള്ളിയിൽ അയച്ച് സണ്ടേസ്കൂൾ പഠിപ്പിക്കുന്നു. അവധിക്കാല ക്ലാസ്സുകൾ മാമ്പാറ പള്ളിയുമായി ചേർന്ന് നടത്തുന്നു.

**ഭക്തസംഘടനകൾ**

വളരെ കുറച്ച് അംഗങ്ങൾ മാത്രമുള്ള ഇവിടെ അതതു സംഘടനാനേതൃത്വത്തിന്റെ നിർദേശാനുസരണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. യാത്രാ സൗകര്യം വളരെ കുറവായതിനാലും ദൂരം കൂടു തലായതിനാലും എല്ലാ മീറ്റിംഗുകളിലും പങ്കെടുക്കാൻ സാധിക്കുന്നില്ല.

**പ്രവർത്തനങ്ങൾ**

രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ വികാരിയച്ചന്റെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തുന്നു. എല്ലാവരും പള്ളിയും പരിസരവും വൃത്തിയാക്കുന്നതിൽ സഹകരിക്കാറുണ്ട്.

**സംഭാവനകൾ**

നമ്മുടെ അരമനയുടെ നിർമ്മാണ ഘട്ടത്തിൽ പള്ളിയുടെ പരിസരത്തുനിന്ന വലിയ തേക്കുതടികൾ കൊടുക്കുവാനും അതിലൂടെ അരമന നിർമ്മാണത്തിൽ പങ്കാളികളാകുവാനും സാധിച്ചു.